LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപരിഹാരമായി നൽകിയ തുക

209 (806) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്തെ വിവിധ റോഡുകളുടെ നിർമ്മാണത്തിന്റെ ഭാഗമായി 2006-07 മുതൽ ഓരോ സാമ്പത്തിക വർഷവും ബി. എസ്. എൻ. എൽ., കെ. ഡബ്ലു.എ.,കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) തലസ്ഥാനത്തെ റോഡ് നിർമ്മാണത്തിലെ അപാകതയും അശാസ്ത്രീയമായ റോഡ് കുഴിക്കലിന്റെ ഭാഗമായും ബി.എസ്.എൻ.എൽ.-ന്റെ കേബിളുകൾക്ക് നഷ്ടം സംഭവിച്ച വകയിൽ 2006-07 മുതൽ നാളിതുവരെ എത്ര തുകവീതം ഓരോ സാമ്പത്തിക വർഷവും നൽകിയെന്ന് അറിയിക്കുമോ ;

(സി) ഓരോ വർഷവും ബി. എസ്. എൻ. എൽ. നഷ്ടപരിഹാരമായി ആവശ്യപ്പെട്ട തുക എത്രവീതമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) തുകയെന്നും നൽകിയിട്ടില്ല.

(സി) നഷ്ടപരിഹാരം നൽകാൻ പൊതുമരാമത്ത് വകുപ്പിന് ബാദ്ധ്യത യില്ലാത്തതിനാൽ ഈ ഒരു ആവശ്യം സർക്കാർ പരിഗണിച്ചിട്ടില്ല.

റോഡുകളിലെ കുഴികൾ

210 (807) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം കേരളത്തിലെ വിവിധ റോഡുകളിൽ സഞ്ചാരത്തിന് തടസ്സമാകുന്ന രീതിയിൽ എത്ര കുഴികളാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) ഇതിൽ നാളിതുവരെ എത്ര കുഴികൾ മൂടി ; എത്ര റോഡുകൾ സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട് ;

(സി) ഇതിലേക്ക് നാളിതുവരെ എത്ര രൂപ ചെലവ് ചെയ്തു ;

(ഡി) ഇനി എത്ര കുഴികൾ മൂടാനുണ്ട് ;

(ഇ) ഈ ജോലികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) ഇതിലേക്ക് ആകെ എത്ര രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു ?